**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2215** **11.02.2020 – ൽ മറുപടിക്ക്.**

**റേഷൻ കാർഡുകൾ വിതരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സജി ചെറിയാൻ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** പഞ്ചായത്തുകളുടെ റസിഡൻസ് സർട്ടിഫിക്കറ്റ് ഇല്ലാതെ റേഷൻ കാർഡ് അനുവദിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ ഉത്തരവ് ബന്ധപ്പെട്ട ആഫീസുകളിൽ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | **(എ)** ഇല്ല. പഞ്ചായത്തുകളുടെ റസിഡൻസ് സർട്ടിഫിക്കറ്റ് ഇല്ലാതെ റേഷൻ കാർഡ് അനുവദിക്കുന്നത് സംബന്ധിച്ച 03.09.2018 ലെ സർക്കുലർ എല്ലാ ജില്ലാ സപ്ലൈ, താലൂക്ക് സപ്ലൈ, സിറ്റി റേഷനിംഗ് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. (ആയത് **അനുബന്ധമായി** ചേർക്കുന്നു.) ഇത് പ്രകാരം റേഷൻ കാർഡുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| **(ബി)** ചെങ്ങന്നൂർ മണ്ഡലത്തിൽ റേഷൻ കാർഡുകൾക്കായി എത്ര അപേക്ഷകളാണ് സപ്ലൈ ആഫീസിൽ ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | **(ബി) യും (സി) യും** ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളിലെ പ്രദേശങ്ങളിൽ പുതിയ റേഷൻ കാർഡിനുള്ള **7698** അപേക്ഷകളും റേഷൻ കാർഡ് സംബന്ധമായ മറ്റ് **23256** അപേക്ഷകളും ഉൾപ്പെടെ ആകെ **30954** അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതുവരെ ലഭിച്ച അപേക്ഷകളിൽ അടുത്ത ദിവസങ്ങളിൽ ലഭിച്ച അപേക്ഷകളിൽ അന്വേഷണം ആവശ്യമുള്ളവ ഒഴിച്ച് മറ്റ് എല്ലാ അപേക്ഷകളും തീർപ്പ കല്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| **(സി)** ഇവർക്ക് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്ന നടപടികൾ വേഗത്തിലാക്കുമോ; വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**

സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ്, തിരുവനന്തപുരം
ഫോൺ: 0471- 2320379
Email:- ccsasection@gmail.com

നമ്പർ (സി.എസ്.) എ.6-17676/18 തീയതി: 03-09-2018

## സർക്കുലർ - 20/18

വിഷയം: പൊതുവിതരണം- പുതിയ റേഷൻ കാർഡിന് അപേക്ഷ സമർപ്പിക്കുന്നത് രേഖകൾ ഹാജരാക്കുന്നത്- സംബന്ധിച്ച്.
സൂചന: 20.07.96-ലെ 7/96 നമ്പരിലെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ സർക്കുലർ

------------

മേൽ സൂചന പ്രകാരം പുറപ്പെടുവിച്ച സർക്കുലർ അനുസരിച്ച് പുതിയ റേഷൻ കാർഡിന് അപേക്ഷ സമർപ്പിക്കുമ്പോൾ വില്ലേജ് ആഫീസർ നല്കുന്ന വരുമാന സർട്ടിഫിക്കറ്റ്, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, മുൻസിപ്പൽ സെക്രട്ടറി, കോർപ്പറേഷൻ സെക്രട്ടറി എന്നിവർ നല്കുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റും, എന്നാൽ ബന്ധപ്പെട്ട അപേക്ഷകർക്ക് സ്വന്തമായി കാർഡില്ലെന്നോ പ്രസ്തുതകക്ഷി ഏതെങ്കിലും കാർഡിൽ ഉൾപ്പെട്ടിട്ടില്ലെന്നോ സൂചിപ്പിക്കുന്ന സ്ഥലം എം.പി, എം.എൽ.എ, ഗ്രാമ/ബ്ലോക്ക്/ ജില്ല പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പുതിയ കാർഡ് നൽകേണ്ടതാണെന്ന നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി അപേക്ഷകന്റെയും കുടുംബാംഗങ്ങളുടെയും ആധാർ വിവരങ്ങൾ പൂർണ്ണമായും ശേഖരിക്കുന്നതിനാൽ മറ്റേതെങ്കിലും കാർഡിൽ അംഗങ്ങളോ അപേക്ഷകരോ ഉൾപ്പെട്ടിട്ടുണ്ട് എന്നത് ഡി-ഡ്യുപ്ലിക്കേഷൻ പ്രക്രിയയിലൂടെ കണ്ടു പിടിക്കാൻ കഴിയും എന്നതിനാൽ മേൽ സൂചന പ്രകാരം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് അനുബന്ധമായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി നൽകുന്നു.

I. **സംസ്ഥാനത്ത് ഒരിടത്തും റേഷൻ കാർഡ് ഇല്ലാത്തവർ നൽകേണ്ട രേഖകൾ.**

a) അപേക്ഷകന്റെയും, ഉൾപ്പെടുത്തേണ്ട എല്ലാ കുടുംബാംഗങ്ങളുടെയും ആധാർ അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ സൂചന സർക്കുലർ പ്രകാരമുള്ള ജനപ്രതിനിധികളിൽ നിന്നുള്ള ശുപാർശ കത്തിന്റെ ആവശ്യമില്ല.

b) അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ട എല്ലാ കുടുംബാംഗങ്ങളുടേയും ആധാർ ഹാജരാക്കിയിട്ടില്ലങ്കിൽ ഹാജരാക്കുന്ന കുടുംബാംഗങ്ങളുടെ പേരുകൾ മാത്രമേ ഉൾപ്പെടുത്തുവാൻ പാടുള്ളൂ.

c) മേൽ പ്രസ്താവിച്ച കാര്യങ്ങൾ പരിഗണിക്കേണ്ടത് സൂചന സർക്കുലറിൽ പറയുന്ന പ്രകാരം ജനപ്രതിനിധികളുടെ ശുപാർശ കത്ത് അപേക്ഷയോടൊപ്പം ഹാജരാക്കാത്ത സാഹചര്യത്തിൽ മാത്രമാണ്.

II. **അപേക്ഷകന്റെ വിലാസം സ്ഥിരീകരിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകൾ.**

റേഷൻ കാർഡിനുള്ള അപേക്ഷയോടൊപ്പം റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് എന്നിവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ളത് ഹാജരാക്കണമെന്ന് നിർദ്ദേശം നിലവിലുണ്ട്. ഈ നിർദ്ദേശം പൊതു ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട് എന്ന് ബോധ്യപ്പെട്ടതിനാൽ താഴെപ്പറയുന്ന ഏതെങ്കിലും ഒരു രേഖ റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന് സമാനമായി റേഷൻ കാർഡിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കാവുന്നതാണ്.

a) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ അടച്ച പ്രോപ്പർട്ടി ടാക്സ് രസീതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

b) ഇലക്ട്രിക്സിറ്റി ബില്ലിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

c) കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള രസീതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

d) ലാൻഡ് ഫോൺ ബില്ലിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

e) എൽ.പി.ജി. ലഭ്യമായ വൗച്ചർ. ബില്ലിന്റെ പകർപ്പ്.

f) ഗസറ്റഡ് ഓഫീസർ ആണെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന.

g) നോൺ-ഗസറ്റഡ് ഓഫീസർ ആണെങ്കിൽ ബന്ധപ്പെട്ട ഓഫീസിലെ ഡി.ഡി.ഒ. യുടെ സാക്ഷ്യപത്രം.

h) പൊതുമേഖല സ്ഥാപനത്തിലെ ഉദ്യോഗസ്ഥനാണെങ്കിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം.

i) അംഗീകൃത ദേശസാൽകൃത ബാങ്കിന്റെ ഫോട്ടോ പതിപ്പിച്ച പാസ്ബുക്കിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

j) ആധാർ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

k) ഇലക്ട്രറൽ ഐ.ഡി യുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

l) സാധുവായ വാടക കരാർ

മേൽ പ്രസ്താവിച്ച രേഖകൾ പ്രകാരമുള്ള വിലാസവും അപേക്ഷയിൽ പറയുന്ന വിലാസവും ഒന്നായിരിക്കേണ്ടതും ആയത് അപേക്ഷകന്റെയോ കാർഡിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്ന മറ്റ് മുതിർന്ന അംഗങ്ങളുടെ പേരിൽ ഉള്ളതായിരിക്കേണ്ടതുമാണ്. കൂടാതെ പ്രസ്തുത രേഖകളിൽ b മുതൽ d വരെയുള്ള രേഖകൾ അപേക്ഷ സമർപ്പിക്കുന്ന തീയതിതൊട്ട് 03 മാസത്തിന് മുൻപ് വരെ ഉള്ളവ മാത്രമേ പരിഗണിക്കേണ്ടതുള്ളൂ.

മേൽ പ്രസ്താവിച്ചിട്ടുള്ള ഖണ്ഡിക I ലും II ലും ഉള്ള രേഖകളും ഹാജരാക്കുന്നതെങ്കിൽ അനുബന്ധമായി ചേർത്തിട്ടുള്ള സത്യവാങ്മൂലം കൂടി അപേക്ഷകൻ പൂരിപ്പിച്ച് നൽകേണ്ടതാണ്.

III. എൻ.പി.എൻ.എസ് കാർഡ് മാത്രം ആവശ്യമുള്ളവർ അപേക്ഷയോടൊപ്പം വരുമാനം സ്വയം സാക്ഷ്യപ്പെടുത്തി അപേക്ഷയിൽ രേഖപ്പെടുത്തിയാൽ മതിയാകും. ഇവർക്ക് വരുമാന സർട്ടിഫിക്കറ്റിന്റെ ആവശ്യമില്ല

ഈ സർക്കുലർ കൈപ്പറ്റിയതായിട്ടുള്ള രസീത് മടക്കത്തപാലിൽ ഹാജരാക്കേണ്ടതാണ്.

ഒപ്പ്

**സിവിൽ സപ്ലൈസ് കമ്മീഷണർ**

ഉള്ളടക്കം: പുതിയ റേഷൻകാർഡിന്റെ അപേക്ഷയോടൊപ്പം നൽകേണ്ട സത്യവാങ്മൂലങ്ങളുടെ പകർപ്പ്.

എല്ലാ ജില്ല/താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസർമാർക്ക്

പകർപ്പ്:

1) സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
   (ആമുഖ കത്തോടുകൂടി)
2) ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ
3) അസിസ്റ്റന്റ് സെക്രട്ടറി -2
4) സി.സി.എസ്/ഡി.സി.എസ്/സി.ആർ/സി.എ.ഒ എന്നിവരുടെ സി.എ മാർക്ക്
5) ഐ.റ്റി. സെൽ സീറ്റ് 2. (വെബ്സൈറ്റിൽ ആവശ്യമായ മാറ്റങ്ങൾ
   വരുത്തുന്നതിന്)
5) കരുതൽ ശേഖരം/അധികം

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി-2

## സത്യവാങ്മൂലം - I

പുതിയ റേഷൻ കാർഡിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ശ്രീ./ശ്രീമതി.................................................... ഉം അപേക്ഷയിൽ കാർഡിൽ ഉൾപ്പെടുത്തുന്നതിനായി ശുപാർശ ചെയ്തിട്ടുള്ള കുടുംബാംഗങ്ങളും നിലവിൽ സംസ്ഥാനത്ത് ഒരിടത്തും റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടില്ല എന്നും, ടി രേഖകൾ തന്റെ അറിവിലും വിശ്വാസത്തിലും ശരിയാണെന്നും തുടർന്ന് അന്വേഷണത്തിൽ തെറ്റാണെന്ന് കണ്ടാൽ പ്രസ്തുത റേഷൻ കാർഡ് ഉപയോഗിച്ച് വാങ്ങിയ റേഷൻ സാധനങ്ങളുടെ ഇക്കണോമിക് നിരക്കിലുള്ള തുക സർക്കാരിലേക്ക് ഒടുക്കാമെന്നും കൂടാതെ നിലവിലുള്ള നിയമ നടപടികൾക്ക് വിധേയമാക്കുന്നതിൽ സമ്മതമാണെന്നും ഇതിനാൽ ഞാൻ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

എന്ന്

ഒപ്പ്:
പേര്:

സ്ഥലം:
തീയതി:

---

## സത്യവാങ്മൂലം - II

പുതിയ റേഷൻ കാർഡിനായി അപേക്ഷയോടൊപ്പം താമസ സ്ഥലം സ്ഥിരീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള രേഖകളിലെ വിലാസവും, അപേക്ഷയിലെ വിലാസവും ഒന്നാണെന്നും, ടി രേഖകൾ തന്റെ അറിവിലും വിശ്വാസത്തിലും ശരിയാണെന്നും തുടർന്ന് അന്വേഷണത്തിൽ തെറ്റാണെന്ന് കണ്ടാൽ പ്രസ്തുത റേഷൻ കാർഡ് ഉപയോഗിച്ച് വാങ്ങിയ റേഷൻ സാധനങ്ങളുടെ ഇക്കണോമിക് നിരക്കിലുള്ള തുക സർക്കാരിലേക്ക് ഒടുക്കാമെന്നും കൂടാതെ നിലവിലുള്ള നിയമ നടപടികൾക്ക് വിധേയമാക്കുന്നതിൽ സമ്മതമാണെന്നും ഇതിനാൽ ഞാൻ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

എന്ന്

ഒപ്പ്:
പേര്:

സ്ഥലം:
തീയതി: